കണ്ണൂർ ജില്ലയിലെ മലയാളം അദ്ധ്യാപക നിയമനം

75 (1098) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ നിലവിൽ വന്ന മലയാളം അദ്ധ്യാപക റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേരെ നിയമിച്ചു ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും വ്യക്തമാക്കാമോ ;

(സി) 2015 മാർച്ച് 31 വരെ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിരുന്നു ; ആയത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 33 പേരെ നിയമിച്ചു.

(ബി) 29-5-2015-ൽ.

(സി) ജില്ലയിൽ എച്ച്.എസ്.എ. (മലയാളം) തസ്തികയിൽ ഒഴിവുകളില്ല. നിലവിൽ 5 അദ്ധ്യാപകർ അധികമായി ജോലി ചെയ്യുവരുന്നു.

അനംഗീകൃത അൺഎയ്ഡഡ് സ്കൂളുകൾ

76 (1099) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി അംഗീകാരം നൽകിയ അനംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ എത്രയാണ്; ഇവയ്ക്ക് അംഗീകാരം നൽകുന്നതിനെതിരെ ലഭിച്ചിരുന്ന പരാതികൾ എത്രയായിരുന്നു ;

(ബി) അനംഗീകൃത സ്കൂളുകൾ അംഗീകാരം നൽകിയതിന്റെയും സി.ബി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. നൽകിയതിന്റെയും ഫലമായി എത്ര സർക്കാർ-എയ്ഡഡ് സ്കൂളുകൾ അൺ എക്കണോമിക് ഭീഷണിയിൽ അകപ്പെട്ടിട്ടുണ്ട് ; ഡിവിഷൻ നഷ്ടപ്പെട്ടതുവഴി തൊഴിൽ നഷ്ടപ്പെട്ട മൊത്തം അദ്ധ്യാപകരുടെ എണ്ണം; അവയിൽ പ്രൊട്ടക്ട് ചെയ്യപ്പെട്ട അദ്ധ്യാപകരുടെ എണ്ണം ; അടച്ചുപൂട്ടൽ ഭീഷണിയിലായ മൊത്തം സ്കൂളുകൾ ; പ്രവർത്തനം ഇതിനകം പൂർണ്ണമായും നിലച്ചവ ; എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ.ഉ.(കൈ) നമ്പർ 114/2015/പൊ.വി. തീയതി 14-5-2015 പ്രകാരം സംസ്ഥാന പാഠ്യപദ്ധതി പിൻതുടരുന്ന 308 സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അംഗീകാരം നൽകുന്നതിനെതിരെ മൂന്ന് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പാഠ്യപദ്ധതി പിൻതുടരുന്നതും സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ 308 സ്കൂളുകൾക്ക് ഇതിനകം അംഗീകാരം നൽകുകയുണ്ടായി. വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന സ്കൂളുകൾക്കാണ് ഇത്തരത്തിൽ അംഗീകാരം നൽകിയത്. ഇതുമൂലം സർക്കാർ/എയ്ഡഡ് സ്കൂളുകൾ അൺ എക്കണോമിക് ഭീഷണിയിലായതായും അദ്ധ്യാപകരുടെ തസ്തികകൾ നഷ്ടപ്പെട്ടതായിട്ടും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

77 (1100) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പല സ്കൂളുകളിലും അടിസ്ഥാന സൗകര്യം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഇത്തരം സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ പല സ്കൂളുകളിലും വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി അടിസ്ഥാന സൗകര്യങ്ങളില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എസ്.എസ്.എ., ആർ.എം.എസ്.എ., ശുചിത്വ മിഷൻ എന്നിവയുടെ ഫണ്ട് വിനിയോഗിച്ച് പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താത്ത എയ്ഡഡ് സ്കൂൾ മാനേജർമാർക്ക് മതിയായ സൗകര്യങ്ങളേർപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ ഹയർസെക്കന്ററി സ്കൂളുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതിനാൽ ഇവയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ

LIBRARY ARCHIVES Kerala Legislative Assembly